(സി) നടപടി സ്വീകരിച്ചു വരുന്നു.

13 (922) ചിറ്റാറിൽ പട്ടികവർഗ്ഗ ഹോസ്റ്റൽ നിർമ്മാണം

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പട്ടികവർഗ്ഗ ഹോസ്റ്റൽ നിർമ്മാണം എന്നാണ് ആരംഭിച്ചത്;

(ബി) ഇതിനായി ഇത് വരെ എത്ര രൂപയാണ് ചെലവഴിച്ചത്;

(സി) ഇത് എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്;

(ഡി) നിർമ്മാണം പൂർത്തിയാക്കി ഹോസ്റ്റൽ കുട്ടികൾക്ക് തുറന്നു കൊടുക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ചിറ്റാർ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം 28-3-1994 ലാണ് ആരംഭിച്ചത്.

(ബി) 17.714 ലക്ഷം രൂപ

(സി) 20-6-1996-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി, വാട്ടർ കണക്ഷൻ എന്നിവ ഏർപ്പെടുത്തുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹോസ്റ്റൽ എത്രയും വേഗം കുട്ടികൾക്ക് തുറന്നു കൊടുക്കുന്നതാണ്.

14 (923) കായംകുളത്ത് എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കായി അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) ഇത് ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളത്ത് എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അനുവദിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

15 (924) ബാർട്ടൺഹിൽ വാടക കെട്ടിടത്തിലെ ഹോസ്റ്റൽ ഒഴിഞ്ഞുകൊടുത്ത കേസ്

ശ്രീ. സി. മൊയിൻ കുട്ടി :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം ബാർട്ടൺഹില്ലിൽ വാടക കെട്ടിടത്തിൽ നടത്തിയിരുന്ന ഹോസ്റ്റൽ എന്നാണ് ഒഴിഞ്ഞുകൊടുത്തത്;

(ബി) ഈ കേസിൽ എത്ര രൂപാ കെട്ടിടത്തിന് നഷ്ടം വരുത്തിയിട്ടുള്ളതായി കോടതി നിയമിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ചെയ്തു;

(സി) കെട്ടിടം ഒഴിഞ്ഞുകൊടുത്ത ദിവസം പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗവും ഇലക്ട്രിക്കൽ വിഭാഗവും റിപ്പോർട്ടുചെയ്ത നഷ്ടം എത്ര;

(ഡി) നഷ്ടപരിഹാരത്തുക വീട്ടുടമസ്ഥന് നൽകണമെന്ന് പല പ്രാവശ്യം അദ്ദേഹം ആവശ്യപ്പെട്ടിട്ടും നൽകിയിട്ടില്ലെന്നത് ശരിയാണോ;

(ഇ) ഈ സംഖ്യ ഉടൻ നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ:

ഉത്തരം

(എ) 1-2-1997-ൽ ഒഴിഞ്ഞുകൊടുത്തു.

(ബി) കോടതി അന്വേഷണ കമ്മിഷനെ നിയമിച്ചതായി കാണുന്നില്ല.

(സി) ഇലക്ട്രീഷൻ - 4,759 രൂപ
സിവിൽവർക്ക് - 12,581 രൂപ

(ഡി) ശരിയാണ്.

(ഇ) പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

16 (925) കൊയിലാണ്ടിയിലെ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങൾക്ക് ശുദ്ധജലമെത്തിക്കുവാൻ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പ്രവർത്തികൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ;

(സി) നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങൾക്ക് ശുദ്ധജലമെത്തിക്കുവാനായി താഴെ പറയുന്ന കോളനികളിലെ പദ്ധതികൾക്കാണ് അംഗീകരാം നൽകിയത്.

1. ചെങ്കോട്ടുകാവ് പഞ്ചായത്തിലെ മമ്മാട് ഹരിജൻ കോളനി.
2. ചെങ്കോട്ടുകാവ് പഞ്ചായത്തിലെ ഉള്ളൂർക്കാവ് കോളനി.
3. തുറയൂർ പഞ്ചായത്തിലെ ചിറക്കര കോളനി
4. തുറയൂർ പഞ്ചായത്തിലെ ഉരിങ്ങത്തുവയൽ കോളനി.
5. തുറയൂർ പഞ്ചായത്തിലെ അമൂർവയൽ ഐ.എച്ച്.ഡി.പി. കോളനി
6. ചേമഞ്ചേരി പഞ്ചായത്തിലെ വഴുതിനപ്പാടം കോളനി.
7. ചേമഞ്ചേരി പഞ്ചായത്തിലെ ചാണാലിൽ കോളനി.

LIBRARY ARCHIVES Kerala Legislative Assembly